**20th Jan 2022**

**വിഷയം: കൊവിഡ് വ്യാപനം**

കൊവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ബ്രാഞ്ചുകളിൽ കൃത്യമായ സുരക്ഷാ ക്രമീകരണം നടത്തണമെന്ന് GM നോട് ആവശ്യപ്പെട്ടു. Pregnant/lactating, other vulnerable category ആയിട്ടുള്ള ജീവനക്കാർ എന്നിവർക്ക് Work from Home സൗകര്യം ഉടൻ അനുവദിച്ചു കൊടുക്കണം എന്നും ആവശ്യപ്പെട്ടു. SLBC യുമായി സംസാരിച്ച് ആവശ്യമായ തീരുമാനങ്ങൾ ഉടൻ കൈക്കൊള്ളുമെന്ന് GM അറിയിച്ചു. കൊവിഡ് പോസിറ്റീവായ ജീവനക്കാർ quarantine ലേക്ക് പോകുമ്പോൾ മറ്റു ബ്രാഞ്ചുകളിൽ നിന്നും ജീവനക്കാരെ depute ചെയ്ത് ശാഖാ പ്രവർത്തനം നടത്തുന്നുണ്ട്. അങ്ങനെ വരുന്ന അവസരങ്ങളിൽ വ്യാപകമായി കൊവിഡ് കേസുകൾ വർദ്ധിച്ചതായി കണ്ടുവരുന്ന കാര്യവും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. കൃത്യമായി ഫ്യുമിഗേഷൻ നടത്താനാവശ്യമായ തീരുമാനമെടുക്കണമെന്നും അത് ശാഖകളിലും അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിലും കൃത്യമായി നടപ്പാക്കണമെന്നും ആവശ്യപ്പെട്ടു. മുഴുവൻ ജീവനക്കാരും ആരോഗ്യകാര്യങ്ങളിൽ അതീവ ജാഗ്രത പുലർത്തണമെന്നും ഹെൽത്ത് അതോറിറ്റിയുടെ മുഴുവൻ നിർദ്ദേശങ്ങളും പാലിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ആവശ്യം വരുന്ന ഏതവസരത്തിലും സംഘടനാ നേതൃത്വവുമായി ബന്ധപ്പെടുക.

**ജനറൽ സെക്രട്ടറി**

**KGBEU OU**